തൊഴിലാളികൾക്ക് കൊടുത്തു എന്ന് ഇപ്പോൾ വ്യക്തമായി പറയാൻ കഴിയുന്നില്ല എങ്കിലും സിമന്റിനെ സംബന്ധിച്ചിടത്തോളം വളരെയധികം ഷെഡ്യൂളിലുള്ള കണ്ടക്ടേഴ്സിനും ഡ്രൈവേഴ്സിനും കളക്ഷൻബാറ്റ കൊടുക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടോ ?.

ശ്രീ. ടി. എസ്. ജോൺ: പറഞ്ഞ ഉത്തരം ശരിയല്ല. 1–3–1985–ൽ ഒരു ദിവസത്തെ കളക്ഷൻ പതിമൂന്നു ലക്ഷം രൂപയാണ്. 1–3–1986–ൽ 28 ലക്ഷം രൂപയായി. അങ്ങ് കളക്ഷന്റെ കാര്യം പറഞ്ഞതുപോലും ശരിയല്ല. അറിയാൻവയ്യെങ്കിൽ അതു പറയണം. എത്ര രൂപ ഒരു ദിവസം ശരാശരി കളക്ഷൻബാറ്റ ഇനത്തിൽ തൊഴിലാളികൾക്ക് കൊടുക്കുന്നുണ്ട്? കളക്ഷൻബാറ്റ ആരംഭിച്ചതിനുശേഷം ശരാശരി ഒരു ദിവസം എത്ര രൂപ കളക്ഷൻ വർദ്ധിച്ചിട്ടുണ്ട്? ഇത്രയും പഠിച്ചുകൊണ്ടുവരണം, അറിയാൻ വയ്യാ എങ്കിൽ അത് പറയണം.

ശ്രീ. എൻ. സുന്ദരൻ നാടാർ: അത് ഞാൻ തീരുമാനിക്കാം. എന്നെ ഉപദേശിക്കുകയൊന്നും വേണ്ട. അങ്ങും ഈ സഭയിൽ ഇതിനുമുമ്പ് ഒരു മന്ത്രിയായിരുന്നിട്ടുള്ള ആളാണ്. ചോദ്യം എന്താണെന്നും മറുപടി എങ്ങനെ വ്യക്തമായി പറയണമെന്നും എനിക്കറിയാം. 15–2–1986–ൽ ആണ് ഇത് ഏർപ്പാട് ചെയ്തത്. കളക്ഷൻ വർദ്ധിച്ചിട്ടുണ്ട്. വ്യക്തമായി പറയാൻ ഇപ്പോൾ കിട്ടിയ വിവരം അനുസരിച്ച് കഴിയുകയില്ല എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരി: അങ്ങ് ഇവിടെ കളക്ഷൻ ബാറ്റ ഏർപ്പെടുത്തിയത് കളക്ഷൻ കൂട്ടാനല്ല എന്നു പറഞ്ഞു. കളക്ഷൻബാറ്റ ഏർപ്പെടുത്തിയത് കളക്ഷൻ കൂട്ടാനല്ലെങ്കിൽ ഇത് ഏർപ്പെടുത്തിക്കഴിഞ്ഞതിനുശേഷം ബസ്സുകളുടെ ആക്സിഡന്റ് കൂടിയതുകൊണ്ട് അങ്ങനെ ആക്സിഡന്റ് കൂട്ടാനാണോ ഇത് ഏർപ്പെടുത്തിയത്?

ശ്രീ. എൻ. സുന്ദരൻ നാടാർ: കളക്ഷൻ ബാറ്റ കളക്ഷൻ കൂട്ടാനല്ല എന്നു ഞാൻ പറയുന്നില്ല. കളക്ഷൻ വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ പൊതുജനങ്ങളും ജീവനക്കാരും തമ്മിൽ കൂടുതൽ സൗഹാർദ്ദമായി പോകുന്നതിനും, സുഗമമായി പ്രവർത്തിക്കുന്നതിനും ഒരു പരീക്ഷണമെന്നുള്ള നിലയിൽ ആണ് ഇത് ഇപ്പോൾ ഏർപ്പാട് ചെയ്തത്.

റീസർവ്വെ

*69 [74] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, കെ. പി. രാമൻ:
,, പി. കെ. കെ. ബാവ:
,, സി. ടി. അഹമ്മദ് അലി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വെക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് എത്ര കോടി രൂപ അനുവദിച്ചു;

(ബി) അതിൽ എത്ര കോടി രൂപ ചെലവഴിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(സി) റീസർവ്വേക്കുശേഷം തയ്യാറാക്കിയ റിക്കാർഡുകളിൽ അപാകത കൾ വന്നിട്ടുള്ളതായിട്ടുള്ള ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതൊഴിവാക്കാൻ ഗവൺമെൻറ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

റവന്യു വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) 21.68 കോടി രൂപ.

(ബി) അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) റീസർവ്വേ കഴിഞ്ഞ വില്ലേജുകളുടെ റിക്കാർഡുകൾ പരിശോധിച്ചതിട്ടം വരുത്തുന്നതിന് അവസരം നൽകുന്നതിനുവേണ്ടി കേരള സർവ്വേ അതിരടയാള നിയമം 9(12) വകുപ്പ് പ്രകാരം ഒരു നോട്ടീസ് ആ സ്ഥലങ്ങളിൽ ഏറ്റവും പ്രചാരമുള്ള രണ്ട് ദിനപ്പത്രങ്ങളിലോ ഗവൺമെൻറ് ഗസറ്റിലോ പരസ്യപ്പെടുത്തുകയും ഈ വിവരം ബന്ധപ്പെട്ട വില്ലേജ്/താലൂക്ക്/പഞ്ചായത്ത് കോർപ്പറേഷൻ/ടൗൺഷിപ്പ് എന്നീ ആഫീസുകളിൽ പരസ്യപ്പെടുത്തുകയും ചെയ്തുവരുന്നു. വസ്തു ഉടമകൾ റിക്കാർഡുകൾ പരിശോധിക്കുന്നതിനായി അവ സ്ഥലം വില്ലേജ് ആഫീസിലോ പഞ്ചായത്ത് ആഫീസിലോ മൂന്നു മാസക്കാലം പ്രദർശിപ്പിക്കുന്നു. അപാകതകൾ വല്ലതും ഉണ്ടെന്നു കണ്ടാൽ അത് പരിഹരിച്ചു കിട്ടുന്നതിനുവേണ്ടി വസ്തു ഉടമകൾക്ക് അപ്പീൽ പെറ്റീഷൻ നൽകാവുന്നതും. ഇപ്രകാരം നൽകുന്ന അപ്പീൽ പെറ്റീഷനുകൾ സർവ്വേ സൂപ്രണ്ടിന്റെ റാങ്കിൽ കുറയാത്ത ഒരു സർവ്വേ ഉദ്യോഗസ്ഥൻ പരിശോധിച്ച് തീരുമാനമെടുത്ത് കക്ഷിയെ അറിയിക്കുകയും തദനുസരണമായി റിക്കാർഡുകളിൽ മാറ്റം വരുത്തുകയും ചെയ്തുവരുന്നു. ആകയാൽ റീസർവ്വേ കഴിഞ്ഞതിനുശേഷം അപാകതകൾ വല്ലതുമുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് വസ്തു ഉടമസ്ഥൻമാർക്ക് മതിയായ അവസരം ലഭിക്കുന്നുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: റീസർവ്വേ നടത്തിയപ്പോൾ അതിരുകൾ പുനർ നിർണ്ണയം ചെയ്തതിന്റെ ഫലമായി ഭൂഉടമകൾക്ക് വ്യാപകമായ പരാതി ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അത് പരിഹരിക്കുന്നതിനെ സംബന്ധിച്ചുള്ള പ്രോസസ് വിശദീകരിക്കുകയുണ്ടായി. പക്ഷേ ഇത് വളരെ ദീർഘമായ ഒരു പ്രോസസ് ആണെന്നുള്ളതുകൊണ്ട് വ്യാപകമായ പരാതി ഉണ്ടെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ട് താലൂക്ക് തലങ്ങളിൽ ഇത്തരം പരാതികൾ പെട്ടെന്ന് ഡിസ്പോസ് ചെയ്യുന്നതിന് ആവശ്യമായ വിധത്തിൽ എന്തെങ്കിലും സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: പരാതികൾ കിട്ടിയാൽ അത് പരിശോധിക്കാൻ വേണ്ട ഏർപ്പാടുകൾ ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: റീസർവ്വേക്കുവേണ്ടി കേന്ദ്ര ഗവൺമെൻറ് ചെലവഴിച്ചതിനെക്കുറിച്ച് ഇവിടെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ കാര്യത്തിൽ സംസ്ഥാന ഗവൺമെൻറിന്റെ പങ്ക് എത്രയാണെന്നുള്ളത് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: ഇതിന് പ്രത്യേകമായി ഒരു നോട്ടീസ് വേണം.

ശ്രീ. കെ. പി. രാമൻ: റീസർവ്വേക്കുവേണ്ടി നമ്മുടെ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തോട് ആവശ്യപ്പെട്ട സംഖ്യ എത്രയാണ്?

ശ്രീ. പി. ജെ. ജോസഫ്: ഇതിന്റെ ഒരു സ്കീം അനുസരിച്ചുള്ള പരിപാടികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഒട്ടാകെയുള്ള 61 താലൂക്കുകളിൽ മൊത്തം 18 താലൂക്കുകളിൽ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. അതിനായി ഇതിനകം 21 കോടി രൂപ നൽകിയിട്ടുണ്ട്. അത് ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. പി. രാമൻ: സംസ്ഥാനത്തെ ഏതെല്ലാം താലൂക്കുകളിലാണ് റീസർവ്വേ പൂർത്തിയാക്കിയിട്ടുള്ളത്?

ശ്രീ. പി. ജെ. ജോസഫ്: ആകെ 18 താലൂക്കുകളിലാണ് പൂർത്തിയാക്കിയിട്ടുള്ളത്.

ശ്രീ. സി. ടി. അഹമ്മദ്അലി: സാർ, ബാക്കിയുള്ള വില്ലേജുകളിൽ എന്നത്തേക്ക് റീസർവ്വേ പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. പി. ജെ. ജോസഫ്: ഉദ്ദേശിച്ചതിനേക്കാൾ നടപടിക്ക് കാലതാമസം വരുന്നുണ്ട്; അതുകൊണ്ട് കൃത്യമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. എസ്. ആർ. തങ്കരാജ്: റീസർവ്വേ പൂർത്തിയാക്കിയ താലൂക്കുകളിലൊന്നാണ് നെയ്യാറ്റിൻകര താലൂക്ക്. അവിടെ റീസർവ്വേ ഓഫീസിൽ ചെന്ന് പ്ലാനിന് അപേക്ഷ കൊടുത്താൽ, പ്ലാൻ കൊടുക്കുന്നതിൽ ''അപ്രൂവ്ഡ് നോട്ട് ഫൈനൽ'' എന്നാണ് എഴുതിക്കൊടുക്കുന്നത്. ഈ പ്ലാൻകൊണ്ട് ലോകത്ത് ഒരു സ്ഥലത്തും യാതൊരു വിലയുമില്ല. ഏതെങ്കിലും തരത്തിൽ കാലതാമസം കൂടാതെ ''അപ്രൂവ്ഡ് ഫൈനൽ'' എന്നു പറഞ്ഞ് പ്ലാൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? അതിന് എത്രകാലം വേണ്ടിവരും?

ശ്രീ. പി. ജെ. ജോസഫ്: റീസർവ്വേ റിക്കാർഡുകൾ ലാൻഡ് റെക്കാർഡുകൾ ആക്കി മാറ്റിയാൽ മാത്രമേ വസ്തുവുടമകൾക്ക് അതിന്റെ പ്രയോജനം കിട്ടുകയുള്ളൂ. അതിനുവേണ്ടി ഇപ്പോൾ ഓരോ സ്പെഷ്യൽ തഹസീൽദാർമാരുടെ കീഴിൽ ഏതാണ്ട് 40 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഏതാണ്ട് 96 വില്ലേജുകളിൽ ഈ ജോലി പൂർത്തിയായിട്ടുണ്ട്. ഓരോ വില്ലേജുകളിൽ റീസർവ്വേ റെക്കാർഡുകൾ ലാൻഡ് റെക്കാർഡുകളാക്കി മാറ്റി അത് റവന്യൂ വകുപ്പിന് ഏപ്രിൽമാസം ആദ്യം കൈമാറ്റം ചെയ്യുന്നതാണ്. ഈ നടപടി എല്ലാ സ്ഥലത്തും പൂർത്തിയാക്കിയാൽ മാത്രമേ മെമ്പർ ഉദ്ദേശിച്ച പ്രയോജനം ലഭിക്കുകയുള്ളൂ.

ശ്രീ. എം. പി. എം. ഇസ്ഹാക്: സർ, വർഷങ്ങളായി കൃഷി ചെയ്യുന്ന കർഷക കുടുംബങ്ങളെ, റീസർവ്വേയുടെ ഫലമായിട്ട് ഏറനാട് താലൂക്കിൽ നിന്ന് കുടിയൊഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചതിനെതിരായി ഗവൺമെന്റിന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: റീസർവ്വേയുടെ ഫലമായിട്ട് കുടിയിറക്ക് നടക്കുമെന്ന് ഞാൻ കരുതുന്നില്ല. അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. ഇ. പത്മനാഭൻ: 6-ാം പഞ്ചവത്സരപദ്ധതിയിലെ ഒരു പരിപാടിയായിരുന്നു റീസർവ്വേ. 7-ാം പഞ്ചവത്സരപദ്ധതിയിൽ റീസർവ്വേയെന്നുള്ളത് ചേർത്തിട്ടില്ലായെന്നാണ് കാണുന്നത്. റീസർവ്വേ ഇതോടുകൂടി അവസാനിക്കുമോ?. മറൊന്ന് റീസർവ്വേ നടത്തിയ സ്ഥലത്ത് കൈവശ കൃഷിക്കാരുടെ കൈയ്യിലുള്ള ഭൂമിയുടെ അടിസ്ഥാനത്തിലല്ല സർവ്വേ നടത്തുന്നത്. പ്ലോട്ടായിട്ടും ഖണ്ഡമായിട്ടും വലിയപ്രദേശങ്ങൾ ഒന്നിച്ചും സർവ്വേ ചെയ്തത് ഏറിയാതിരിച്ചും കൈവശക്കൃഷിക്കാരുടെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച സർവ്വേ നടത്താതിരിക്കുകയും ചെയ്തിരിക്കുന്നുവെന്നുള്ളതാണ് ഇന്നത്തെ സ്ഥിതി. നടത്തിയ റീസർവ്വേ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നിഷ്ഫലവും പ്രയോജനശൂന്യവുമാണ്. ഈ പദ്ധതി നിർത്തി, പദ്ധതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള സ്ഥലത്ത് റീസർവ്വേ ചെയ്യുമോ?

ശ്രീ. പി. ജെ. ജോസഫ്: ഞാൻ ഇവിടെ പറഞ്ഞതുപോലെ 18 താലൂക്കുകളിൽ റീസർവ്വേ പൂർത്തിയാകുകയും 27 താലൂക്കുകളിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. ഇത് മുഴുവൻ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇവിടെ ഓരോ വ്യക്തികളുടേയും തിരിച്ചില്ലായെന്നുള്ളത് ശരിയല്ല. കല്ല് ഇട്ടിട്ടില്ല എന്നുള്ള പരാതിയുണ്ട്. വളരെ ഭാരിച്ച ചെലവുള്ളതുകൊണ്ടാണ് ആ നടപടി സ്വീകരിക്കാതെ പോയിട്ടുള്ളത്. പ്രത്യേകമായി അപേക്ഷ സമർപ്പിച്ചാൽ സർവ്വേക്കല്ല് ഇട്ടുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. പി. തങ്കച്ചൻ: ഞങ്ങളുടെ പ്രദേശത്ത് റീസർവ്വേ നടത്തിയിട്ടുള്ളത് ഓരോ വ്യക്തികളുടേയും കൈവശഭൂമിയുടെ അടിസ്ഥാനത്തിലാണ്. അവിടെ കാണുന്ന മറ്റാരു ബുദ്ധിമുട്ട് കല്ലിട്ടിട്ടില്ലായെന്നുള്ളതാണ്. മന്ത്രി അതിന് മറുപടി പറഞ്ഞു. ഓരോ ഭൂവുടമകളും അതിന്റെവില കെട്ടിവയ്ക്കാൻ തയ്യാറാണ്. ഗവൺമെന്റിൽനിന്ന് ആധികാരികമായിട്ട് കല്ലുകളിട്ടുകൊടുക്കുകയാണെങ്കിൽ ഞങ്ങൾ അതിന്റെ വില കെട്ടിവയ്ക്കാൻ തയ്യാറാണ്. അതിന് വേണ്ട നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: അങ്ങനെതന്നെയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വസ്തുവുടമകൾ വില കെട്ടിവയ്ക്കുന്നതിനനുസരിച്ച് കല്ലുകളിട്ടുകൊടുക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ടിക്കറ്റ്

*70. [75] ശ്രീ. പി. കുമാരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കുമാരൻ:
ഡോക്ടർ എ. സുബ്ബ റാവു:
ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ക്കു വേണ്ടി എവിടെയെല്ലാം ടിക്കറ്റുകൾ അച്ചടിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly